ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 14.03.2026**

## പ്രധാനവാർത്തകൾ

1. **ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയത്തിന്റെ കേന്ദ്രബിന്ദുവാണ് വടക്കുകിഴക്കൻ മേഖലയെന്നും, തെക്കുകിഴക്കൻ ഏഷ്യയുമായി ഇന്ത്യയെ ബന്ധിപ്പിക്കുന്ന കവാടമായി മേഖല മാറിയെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.**
2. **രാജ്യത്തെ സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനം സാധ്യമാക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു.**
3. **സംസ്ഥാന മന്ത്രിസഭാ യോഗം ഇന്ന് വൈകുന്നേരം 7 മണിക്ക് ഓൺലൈൻ ആയി ചേരും.**
4. **മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂർ ജില്ലയിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും.**
5. **രാജ്യത്ത് അസംസ്കൃത എണ്ണ ആവശ്യത്തിന് സ്റ്റോക്കുണ്ടെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും കേന്ദ്രസർക്കാർ.**

RNU TVPM

## പ്രധാനമന്ത്രി- അസം

ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയത്തിന്റെ കേന്ദ്രബിന്ദുവാണ് വടക്കുകിഴക്കൻ മേഖലയെന്നും, ഇന്ത്യയെ തെക്കുകിഴക്കൻ ഏഷ്യയുമായി ബന്ധിപ്പിക്കുന്ന കവാടമായി മേഖല മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനും, കാർഷിക-വിദ്യാഭ്യാസ ആവാസവ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള പദ്ധതികൾക്ക് അസമിലെ സിൽച്ചറിൽ തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. സിൽചാറിൽ 23,550 കോടി

രൂപയുടെ വിവിധ വികസന പദ്ധതികളുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു. 22,864 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സിൽചാർ അതിവേഗ ഇടനാഴി, ടൗൺ ഫ്ലൈഓവർ, പഥാർകണ്ടി കാർഷിക കോളേജ് എന്നിവ പദ്ധതികളിൽ ഉൾപ്പെടുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി -ബംഗാൾ

പശ്ചിമ ബംഗാളിൽ 18,680 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവ്വഹിക്കും. 420 കിലോമീറ്ററിലധികം ദൈർഘ്യമുള്ള ദേശീയപാത പദ്ധതികൾ, ഹാൽദിയ ഡോക്ക് കോംപ്ലക്സിലെ നവീകരണ പ്രവർത്തനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## റിജിജു-ചന്ദ്രശേഖർ

രാജ്യത്തെ സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനം സാധ്യമാക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു. ഇത് സംബന്ധിച്ച് ബിജെപി അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നൽകിയ നിവേദനം പരിഗണനയിലെന്നും മന്ത്രി പറഞ്ഞു. ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായും കേന്ദ്ര സർക്കാർ നിരന്തരം ആശയ വിനിമയം നടത്തുമെന്നും ദുർബല വിഭാഗങ്ങൾക്ക് അർഹമായ ശ്രദ്ധ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

PMU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രിസഭാ യോഗം

സംസ്ഥാന മന്ത്രിസഭാ യോഗം ഇന്നും ചേരും. വൈകുന്നേരം 7 മണിക്ക് ഓൺലൈൻ ആയാണ് യോഗം. ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗത്തിൽ സിനിമ നയം, പട്ടയ ഭൂമി ഉപയോഗം ഉൾപ്പെടെ നിരവധി വിഷയങ്ങളിൽ മന്ത്രി സഭ തീരുമാനം കൈക്കൊണ്ടിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി -കണ്ണൂർ

ആരോഗ്യരംഗത്ത് കേരളം ലോകത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാർ നടപ്പാക്കിയ ആർദ്രം പദ്ധതിയിലൂടെ വലിയ നേട്ടം ഉണ്ടാക്കാൻ ആയെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കണ്ണൂർ ഇരിവേരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടോദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. നബാർഡിന്റെയും സംസ്ഥാന സർക്കാറിന്റെയും സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. 17 കോടി രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഇന്ന് കണ്ണൂർ ജില്ലയിലെ വിവിധ പരിപാടികളിൽ മുഖ്യമന്ത്രി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## വി എൻ വാസവൻ- ശബരിമല (INTRO)

ശബരിമലയിൽ വിശ്വാസികളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് മുന്നോട്ട് പോകണമെന്നാണ് സർക്കാർ നിലപാടെന്ന് മന്ത്രി വി എൻ വാസവൻ. കോട്ടയത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.
**(ഹോൾഡ് വോയിസ്)**

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല - നട തുറക്കും (ഇൻട്രോ)

മീനമാസ പൂജയ്ക്കായി ശബരിമല നട ഇന്ന് വൈകിട്ട് അഞ്ചിനു തുറക്കും. നാളെ പുലർച്ചെ മുതൽ പൂജകൾ ആരംഭിക്കും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്.

ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

## ഹോർമുസ് കടലിടുക്ക്

ഹോർമുസ് കടലിടുക്കിലൂടെയുള്ള ഇന്ത്യൻ കപ്പലുകളുടെ സുരക്ഷിതമായ സഞ്ചാരത്തിനുള്ള നടപടികൾ ഉടൻ പ്രതീക്ഷിക്കാമെന്ന് ഇന്ത്യയിലെ ഇറാൻ അംബാസഡർ മുഹമ്മദ് ഫത്താലി. ഇന്ത്യ ഇറാന്റെ സുഹൃത്താണെന്ന് മാധ്യമങ്ങളോട് സംസാരിക്കവെ ഇറാൻ അംബാസഡർ വ്യക്തമാക്കി. മേഖലയിൽ സമാന താത്പര്യങ്ങൾ പങ്കിടുന്ന രാജ്യങ്ങളാണ് ഇന്ത്യയും ഇറാനുമെന്നും അദ്ദേഹം പറഞ്ഞു.

## LPG ആശങ്കകൾ

RNU TVPM

രാജ്യത്തെ എല്ലാ റിഫൈനറികളും 100 ശതമാനം ശേഷിയിൽ പ്രവർത്തിച്ചു വരികയാണെന്നും അസംസ്കൃത എണ്ണ ആവശ്യത്തിന് സ്റ്റോക്കുണ്ടെന്നും കേന്ദ്രസർക്കാർ. വാഹനങ്ങളിൽ ഉപയോഗിക്കുന്ന PNG, CNG വിതരണം തടസരഹിതമായി നടന്നു വരുന്നു. LPG സംബന്ധിച്ച് ആശങ്കകൾ ഉണ്ടെങ്കിലും 25,000 വിതരണക്കാരിൽ ആരും സ്റ്റോക്ക് തീർന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രതിദിനം ഏകദേശം 50 ലക്ഷം സിലിണ്ടറുകൾ വിതരണം ചെയ്തു വരുന്നു. അഭ്യൂഹങ്ങൾ വിശ്വസിച്ച് അധിക സംഭരണത്തിന് മുതിരരുതെന്ന് പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ ജനങ്ങളോട് അഭ്യർത്ഥിച്ചു.

## കരിഞ്ചന്തയിൽ ഗ്യാസ് വിൽപന

മലപ്പുറം കൊണ്ടോട്ടിയിൽ കരിഞ്ചന്തയിൽ ഗ്യാസ് വിൽപന നടത്തിയ എൽ പി ജി പമ്പ് ഉടമയെ പോലീസ് വിളിപ്പിച്ചു. കൊട്ടുക്കര എസ്സെ ഓട്ടോ എൽപിജി പമ്പിൽ നിന്നാണ് വീടുകൾക്കും ഹോട്ടലുകൾക്കും ഗ്യാസ് നൽകിയത്. 2000 രൂപ നിരക്കിൽ ആയിരത്തിലധികം പേർക്ക് സിലിണ്ടർ നിറച്ചു നൽകുകയായിരുന്നു. വാഹനങ്ങൾക്ക് നിറയ്ക്കാൻ മാത്രമാണ് അനുമതി ഉള്ളത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**വി മുരളീധരൻ**

LPG ലഭ്യത ഉറപ്പാക്കാൻ കേന്ദ്രം കൃത്യമായ ഇടപെടൽ നടത്തുന്നതായി മുൻകേന്ദ്രമന്ത്രി വി മുരളീധരൻ. മാധ്യമങ്ങൾ തെറ്റായ വാർത്തകൾ നൽകരുതെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. 2 ഇന്ത്യൻ കപ്പലുകൾ ഹോർമുസ് കടലിടുക്ക് കടന്നതായും അത് മോദി സർക്കാരിന്റെ നയതന്ത്ര വിജയമാണെന്നും അദ്ദേഹം.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## വി വി രാജേഷ്

പാചകവാതക പ്രതിസന്ധിയുമായി ബന്ധപ്പെട്ട് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയുമായും ജില്ലാ കളക്ടറുമായും ചർച്ച നടത്തിയെന്ന് തിരുവനന്തപുരം മേയർ വി വി രാജേഷ്. ഭക്ഷണ സാധനങ്ങൾക്ക് വില വർധിപ്പിക്കരുത് എന്ന് നിർദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിലും ആശുപത്രികളിലും ഭക്ഷണം കിട്ടാതെ വരുന്ന സാഹചര്യമുണ്ടെങ്കിൽ കോർപ്പറേഷൻ കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ച് ഭക്ഷണ വിതരണം ഉറപ്പാക്കുമെന്നും തിരുവനന്തപുരം മേയർ അറിയിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## കുടുംബശ്രീ - പാലക്കാട് (ഇൻട്രോ)

കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'മീറ്റ് പോയിന്റ്' ടേക്ക് എവേ കൗണ്ടറുകൾക്ക് പാലക്കാട് ജില്ലയിൽ തുടക്കമായി. ജില്ലാതല ഉദ്ഘാടനം രാവിലെ കൊഴിഞ്ഞാമ്പാറ കരുവപ്പാറയിൽ നടന്നു.

ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ ഒരു റിപ്പോർട്ട്.

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ആർ ബിന്ദു- ഉന്നതവിദ്യാഭ്യാസം

കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥി പ്രവേശനത്തിൽ 5 വർഷത്തിനിടെ റെക്കോർഡ് വർദ്ധനവെന്ന് മന്ത്രി ആർ ബിന്ദു. മൂന്നര ലക്ഷത്തിലേറെ വിദ്യാർഥികൾ അഞ്ചു വർഷത്തിനിടെ കൂടിയതായി ഓൾ ഇന്ത്യ ഹയർ എഡ്യൂക്കേഷൻ സർവ്വെ റിപ്പോർട്ട് വ്യക്തമാക്കുന്നു. മൊത്തം പ്രവേശന അനുപാതം 30 ൽ നിന്ന് 41 ആയി വർദ്ധിച്ചു. ഉന്നതപഠനത്തിന് അപേക്ഷിക്കുന്ന വിദേശവിദ്യാർഥികളുടെ എണ്ണത്തിലും കുതിച്ചുചാട്ടമുണ്ടായതായി മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

## അമ്പലപ്പുഴ - നാടകശാല സദ്യ (ഇൻട്രോ)

അമ്പലപ്പുഴ ക്ഷേത്രത്തിലെ ഉത്സവം സമാപനത്തിലേക്ക് നീങ്ങുന്നു. ഇന്നാണ് പ്രസിദ്ധമായ നാടകശാല സദ്യ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ.

(വോയ്സ്)

RNUTVPM

## ഐഎസ്എൽ

ഐഎസ്എല്ലിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാൾ പോരാട്ടം. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ വൈകുന്നേരം 5 മണിക്കാണ് മത്സരം. 7.30ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ബംഗളൂരു മോഹൻബഗാനെ നേരിടും.

## ഹോക്കി

FIH ഹോക്കി വേൾഡ് കപ്പ് ക്വാളിഫയേഴ്സ് ഫൈനലിൽ ഇന്ത്യൻ വനിതകൾ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. വൈകുന്നേരം 7:30 ന് ഹൈദരാബാദിലെ GMC ബാലയോഗി ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരം.

## വാട്ടർ അതോറിറ്റി ഉദ്ഘാടനം

തിരുവനന്തപുരം വാമനപുരം മണ്ഡലത്തിലെ ആനാട്, നന്ദിയോട്, കുറുപുഴ, പാലോട് പഞ്ചായത്തുകൾക്കു വേണ്ടി പൂർത്തിയാക്കിയ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കും. പാലോട് നന്ദിയോട് വൈകിട്ട് നാലു മണിക്കാണ് പരിപാടി. പമ്പ് ഹൗസ്, ജലശുദ്ധീകരണശാലകൾ, ജലസംഭരണികൾ എന്നിവ ഉൾപ്പെടുന്നതാണ് പദ്ധതി.

## താപനില

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് താപനില ഉയരാൻ സാധ്യത യുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയർന്നേക്കുമെന്ന് കാലാവസ്ഥ വിഭാഗം അറിയിച്ചു. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

RNU TVPM